സാമ്യവാക്യം
യഹോവയുടെ കോപം തന്റെ ജനത്തിന്റെ നേരെ ജ്വലിക്കും.
യെശ. 5:25

ഏപ്രിൽ 8 ചൊവ്വ

9

വായനാഭാഗം
1 രാജാക്കന്മാർ 21:1–21
വൻ വീഴ്ച

## ഞാൻ നിന്റെ മേൽ അനർത്ഥം വരുത്തും (1 രാജ. 21:21)

നാല്പത്തിരണ്ടു വർഷത്തെ ഗദ്ദാഫിയുടെ ഭരണം സോഷ്യലിസത്തിന്റെ മറവിലുള്ള ഏകാധിപത്യമായിരുന്നു. ആഡംബരപ്രിയനായ അദ്ദേഹം ട്രിപ്പോളി നഗരം പോലെതന്നെ മറ്റൊരു ട്രിപ്പോളി ഭൂമിയുടെ അടിയിലുണ്ടാക്കി, പ്രതികൂലസാഹചര്യം ഉണ്ടായാൽ രക്ഷപെടുവാൻ വേണ്ടി ആയിരുന്നു ഈ നൂതന സംവിധാനങ്ങൾ. സുഖിച്ച് ജീവിച്ച ഗദ്ദാഫിയുടെ പതനം ആഡംബരമന്ദിരത്തിൽ നിന്ന് ചെളിക്കുണ്ടിലേക്കായിരുന്നു. മലിനജലം ഒഴുകുന്ന കോൺക്രീറ്റ് പൈപ്പിൽ പാർത്ത് എച്ചിൽ കൂനയിൽ  നിന്ന് ഭക്ഷണം കഴിച്ച ഉരുക്കുമനുഷ്യൻ വെടിയേറ്റ് നിലംപരിചായി അദ്ദേഹത്തിന്റെ രക്തം വാർന്നൊഴുകിയത് നായ്ക്കളും നക്കി.

ഇന്നത്തെ നമ്മുടെ വായനഭാഗത്ത് ആഹാബ് രാജാവിനും ഭാര്യ ഈസേബെൽ എന്ന നീചസ്ത്രീക്കും ഉണ്ടായ അനർത്ഥത്തെ പറ്റിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആഹാബ്, ബാൽ വിഗ്രഹങ്ങളെ ആരാധിച്ചുവന്ന ഈ സ്ത്രീയെ വിവാഹം ചെയ്യുക മാത്രമല്ല, ബാലിന് ക്ഷേത്രം പണിഞ്ഞ്, യാഗപീഠം ഉണ്ടാക്കി ആരാധിച്ചു. ഭർത്താവിന്റെ ദുരാഗ്രഹങ്ങൾ പോലും ചതിവിൽ നേടി എടുത്തവളാണ് ഈസെബെൽ. ഏതൊരുവന്റെയും അവകാശഭൂമിക്ക് സംരക്ഷണം നൽകേണ്ട രാജാവ് സ്വന്തമോഹത്തിന് സ്ഥലം തട്ടിയെടുത്തത് ദൈവകല്പനയുടെ ലംഘനമാണ്. ഈ മഹാപാപം ആ കുടുംബത്തിനും രാജ്യത്തിനും വൻവിന വരുത്തി വച്ചു. നായ്ക്കൾ ഈസേബെലിന്റെ ശവം തിന്നു.

പ്രിയരെ! രക്ഷയുടെ ദൂത് കേൾക്കുമ്പോൾ കുടുംബമായി രക്ഷപെടുക. ഇന്നു തന്നെ രക്ഷാദിവസം, നാളെ നമുക്കുള്ളതല്ല.

**ദൈവമേ ഞങ്ങളെ അകൃത്യങ്ങൾ പോക്കി ശുദ്ധീകരിക്കേണമേ.**